2014 ജനുവരി 1 മുതൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇത് 1-9-2015 മുതൽ പൊതുമരാമത്ത് വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും തുടർന്ന് കേരളത്തിലെ മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഏകീകൃത ഇ-ഗവേണൻസ് സംവിധാനമായി PRICE സോഫ്റ്റ്വെയറിനെ ഘട്ടംഘട്ടമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ്വെയറിനെ എൻ.ഐ.സി. തന്നെ കേരള സർക്കാരിനുവേണ്ടി വികസിപ്പിച്ച് നടപ്പിലാക്കിവരുന്ന ഫയൽ നീക്കം സുഗമമാക്കുന്നതിനുള്ള ഇ-ഓഫീസ് സോഫ്റ്റ്വെയർ, ലെറ്റർ ഓഫ് ക്രഡിറ്റ് (LC) നൽകൽ സുഗമമാക്കുന്നതിനുള്ള EMLI സോഫ്റ്റ്വെയർ, സ്പാർക്ക് സോഫ്റ്റ്വെയർ എന്നിവയുമായി സമന്വയിപ്പിച്ച് ഒരു ഏകീകൃത സംവിധാനമായി വികസിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സി.ആർ.ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം

202 (5287) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽപ്പെടുന്ന പാങ്ങോട്-ശിവഗിരി റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സി.ആർ.എഫിൽ (CRF) ഉൾപ്പെടുത്തി അനുവാദം ലഭിക്കുന്നതിന് ശിപാർശ നൽകിയത് എന്നാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ് ;

(സി) സി.ആർ.എഫ് (CRF) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം ജില്ലയിൽപ്പെടുന്ന എത്ര റോഡുകൾക്ക് സി.ആർ.എഫിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്നു ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുന്നതിനുവേണ്ടി 26-2-2014-ലാണ് സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ ശിപാർശ സമർപ്പിച്ചത്.

(ബി) പ്രസ്തുത പദ്ധതിക്ക് 5-3-2014-ൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഭരണാനുമതിയും 10-6-2014-ൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യ അനുമതിയും 7-8-2014-ൽ സംസ്ഥാന സർക്കാരിന്റെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ എന്നിവയുടെ സെസ്സിൽനിന്നും രൂപീകരിക്കുന്ന സെൻട്രൽ റോഡ് ഫണ്ടിൽ (CRF) നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗമാണ് സി.ആർ.എഫ്. റോഡ് പദ്ധതികൾക്കായി കേരളത്തിന് അനുവദിക്കുന്നത്. 10 കി.മീറ്ററിൽ കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയും പാലങ്ങളുടെ നിർമ്മാണം, പുനർനിർമ്മാണം എന്നിവയും സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ പാങ്ങോട് - പുത്തൂർ - മീരാൻകടവ് -എഴുകോൺ - നെടുമൺകാവ് - മീയാന്നൂർ-ചാത്തന്നൂർ - 34 കി.മീ. (24 കോടി രൂപ) കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) - 18 കി.മീ. (13 കോടി രൂപ) എന്നീ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

പി.ഡബ്ല്യു.ഡി.യുടെ ഗവൺമെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ്

203 (5288) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത്, പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ള ഗവൺമെന്റ് ഒബ്സർവേറ്ററി ക്വാർട്ടേഴ്സ്, അലോട്ട് ചെയ്യുമ്പോൾ എന്തെല്ലാംതരം ചാർജ്ജുകൾ ആണ് താമസക്കാർ അടയ്ക്കണമെന്ന് വ്യവസ്ഥയുള്ളത് ; വിശദമാക്കുമോ ;

(ബി) ക്വാർട്ടേഴ്സുകൾ അലോട്ട് ചെയ്യുമ്പോൾ ഇത് സംബന്ധിച്ച സമ്മതപത്രം ഇവരിൽനിന്ന് എഴുതി വാങ്ങാറുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത ഒബ്സർവേറ്ററി ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താവ് ആരാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കാൻ താമസക്കാർ നിർബന്ധിതരാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താവിൽ നിന്നുമാത്രം ഈടാക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് ഇത് പി.ഡബ്ല്യു.ഡി. തന്നെ ഏറ്റെടുത്ത് ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ്മാത്രം താമസിക്കുന്നവരിൽനിന്നും ഈടാക്കാൻ വേണ്ട നടപടികൾ എടുക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly